LIBRARY ARCHIVES Kerala Legislative Assembly

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 സാമ്പത്തിക വർഷം സംസ്ഥാനമൊട്ടാകെ 255 സ്മാർട്ട് വില്ലേജ് ഓഫീസുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ഡി) ആദ്യ നൂറുദിന കർമ്മ പരിപാടിയിൽ എത്ര സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണമാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ആദ്യ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 20 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ഉദ്ഘാടനം നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. ടി വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ഇ) വില്ലേജ് ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇലക്ട്രിക് വാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**റവന്യൂ-ദേവസ്വം ഭൂമി കൈവശക്കാർക്ക് പട്ടയം**

14 (*69) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>
<u>ശ്രീ. മാത്യു ടി. തോമസ്:</u>
<u>ശ്രീ. കെ. പി. മോഹനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിറ്റാണ്ടുകളായി കൈവശംവച്ചുവരുന്നതും തലമുറകളായി അനുഭവിച്ചുവരുന്നതുമായ റവന്യൂ-ദേവസ്വം ഭൂമിക്ക് പട്ടയം ലഭിക്കാത്തതുനിമിത്തം ഭൂമി കൈവശക്കാരായ സാധാരണക്കാർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

&

(ബി) മക്കളുടെ വിദ്യാഭ്യാസം, രോഗചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്ക് വായ്പ ലഭ്യമാകുന്നതുപോലും അസാധ്യമാകുന്നതു നിമിത്തം കോവിഡ് കാലത്ത് പ്രസ്തുത ഭൂമി കൈവശക്കാർ അനുഭവിക്കുന്ന ദുരിതം പരിഹരിക്കുന്നതിന് സമയബന്ധിതമായും മുൻഗണനയോടെയും പരിശോധനകൾ ത്വരിതപ്പെടുത്തി പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) 1-4-1964-ന് മുൻപ് മുതൽ ജന്മി-കുടിയാൻ ബന്ധത്തിൽ പാട്ട വ്യവസ്ഥയിൽ ഭൂമി കൈവശംവച്ച് അനുഭവിക്കുന്ന കുടിയാന്മാർ, കുടികിടപ്പുകാർ, കാരായ്മക്കാർ എന്നിവർക്ക് കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ ജന്മാവകാശം ലഭിക്കാൻ അർഹതയുണ്ട്. നിയമാനുസൃതമായ ഈ അർഹത പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കുന്നത് ലാൻഡ് ട്രൈബ്യൂണലുകളാണ്. കേരളത്തിൽ 17 ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇത്തരം കേസുകൾ എണ്ണത്തിൽ കുറവാണ്. ഇവ തീർപ്പാക്കാൻ ടി ജില്ലകളിലെ താലൂക്ക് തഹസിൽദാർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. ഗവൺമെന്റിൽനിന്നും ആന്വിറ്റി കൈപ്പറ്റുന്ന ദേവസ്വങ്ങൾ, മറ്റ മതധർമ്മ സ്ഥാപനങ്ങൾ എന്നിവർ ജന്മികളായിവരുന്ന ഭൂമികളിന്മേലുള്ള കുടിയായ്മ, കുടികിടപ്പ് എന്നിവ പരിശോധിച്ച് ഉത്തരവ് പാസ്സാക്കി ക്രയ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടത് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണ്. എല്ലാ ജില്ലകളിലെയും ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.) ആണ് ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകൾ. സംസ്ഥാനത്ത് ഇപ്പോൾ 16 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളാണുള്ളത്. (കണ്ണൂർ ജില്ലയിൽ 3 ദേവസ്വം ലാൻഡ് ട്രൈബ്യൂണലുകളുണ്ട്.) ലാൻഡ് ട്രൈബ്യൂണലുകളിൽ തീരുമാനമെടുക്കാതെ കെട്ടിക്കിടക്കുന്ന കേസുകൾ അടിയന്തരമായി തീർപ്പാക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. 13-7-2021-ന് മുഴുവൻ ലാൻഡ് ട്രൈബ്യൂണലുകളെയും പങ്കെടുപ്പിച്ചുകൊണ്ട് റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ഒരു ഓൺലൈൻ യോഗം ചേർന്നിരുന്നു. മേഖലാടിസ്ഥാനത്തിൽ ലാൻഡ് ട്രൈബ്യൂണലുകൾക്ക് ട്രെയിനിംഗ് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം, പാലക്കാട് ജില്ലകളിലെ ട്രൈബ്യൂണലുകൾക്കുള്ള ട്രെയിനിംഗ് 16-7-2021-ന് പാലക്കാട് വച്ച് നടന്നു. മറ്റ മേഖലകളിലും ഇത്തരം ട്രെയിനിംഗ് പ്രോഗ്രാമുകൾ ഉടൻ നടത്തും. നിയമപ്രകാരം നടപടികൾ ലഘൂകരിക്കാനും രണ്ടു തവണ നോട്ടീസ് നൽകിയശേഷവും ഹാജരാകാത്ത നമ്പിമാരെ ex-parte ആയി ഉത്തരവ് പുറപ്പെടുവിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന ഒരു ലക്ഷത്തിലധികം കേസുകൾ സമയബന്ധിതമായി തീർപ്പാക്കി അത്രയും കുടുംബങ്ങൾക്ക് പർച്ചേസ് സർട്ടിഫിക്കറ്റ് നൽകുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സംസ്ഥാനത്ത് പതിറ്റാണ്ടുകളായി കൈവശംവച്ചുവരുന്നതും തലമുറകളായി അനുഭവിച്ചു വരുന്നതുമായ റവന്യൂ ഭൂമിക്ക് പട്ടയം ലഭ്യമാക്കുന്നതിന് 1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിവ് നിയമത്തിന് കീഴിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരം അർഹരായ കൈവശക്കാർക്ക് നിയമാനുസൃതം ഭൂമി പതിച്ചു നൽകുന്നുണ്ട്. വർഷങ്ങളായി ഭൂമി കൈവശം വച്ചുവരുന്നവർക്ക് ഭൂമി പതിച്ചു നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly